# നവോത്ഥാനത്തിന്റെ കോട്ടയ്ക്കൽകാഴ്ചകൾ

കെ.ജി. പൗലോസ്

---

നടന്നുശീലിച്ച വഴിവിട്ടാണ് കേരളത്തിൽ നവോത്ഥാനം പ്രയാണമാരംഭിച്ചത്. തികച്ചും സമാന്തരമായൊരുപാത അതുവെട്ടിത്തുറന്നു. അരുവിപ്പുറത്ത് നിന്നാണ് തുടക്കം. ഇടവഴികളുമൂടുവഴികളും താിയാണ് വൈക്കത്തും ഗുരുവായൂരുമൊക്കെയെത്തിയത്. കൈവഴികൾ പലതുമുായി. അവയിലൊന്നാണ് കോട്ടയ്ക്കൽ. ജാതിഭേദവും മതദ്വേഷവുമില്ലാതെ എന്നും ഏവർക്കും സോദരത്വേന പ്രവേശിക്കാവുന്ന മാതൃകാകേന്ദ്രം കോട്ടയ്ക്കൽ വിശ്വംഭരക്ഷേത്രമാണ്; സ്ഥാപനം ആര്യവൈദ്യശാലയും.

## സാംസ്കാരിക ഭൂമിക

ആര്യവൈദ്യശാലയുടെ ചരിത്രം നവോത്ഥാന പ്രവർത്തനങ്ങളോട് ബന്ധപ്പെട്ടുകിടക്കുന്നു. ഇന്ത്യയിൽ ജ്ഞാനോദയത്തിന് കാരണമായത് ഇംഗ്ലീഷ് വിദ്യാഭ്യാസമാണ്. ഏറെക്കാലം കാതലായ മാറ്റങ്ങളൊന്നുമില്ലാതെ കല്ലിച്ചുപോയ, വർണ്ണാശ്രമധർമ്മത്തിലധിഷ്ഠിതമായ, ഭാരതീയസമൂഹത്തിൽ ആംഗലവാണിയും പാശ്ചാത്യചിന്തകളും വലിയ ചലനങ്ങളുായി. അഭ്യസ്തവിദ്യരിൽ ആദ്യമിത് അമ്പരപ്പാണുളവാക്കിയത്. രാജാറാം മോഹൻറായിക്കുപോലുമുായിരുന്നു ഈ മാനസികസംഘർഷം. നഗരത്തിലെ കൊട്ടാരത്തിലദ്ദേഹം ആധുനികനായ പച്ചപ്പരിഷ്കാരിയായിരുന്നു; ഗ്രാമത്തിലെ അഗ്രഹാരത്തിൽ തികഞ്ഞ യാഥാസ്ഥിതികനും. പുതുമയെ ഉൾക്കൊള്ളുമ്പോൾ പഴമയോടെങ്ങനെ പെരുമാറണമെന്നതായിരുന്നു ആ തലമുറയിലെ അഭ്യസ്തവിദ്യരെ അലട്ടിയ പ്രശ്നം.

മൂന്നു തരത്തിലായിരുന്നു ഇതിന്റെ പ്രതികരണം. പുതുമയെ ആവേശത്തോടെ വാരിപ്പുണർന്ന ചിലർ പഴമയെ പൂർണ്ണമായി പുച്ഛിച്ചു. പാശ്ചാത്യമായതെല്ലാം ശ്രേഷ്ഠം, ഭാരതീയമായത് നിന്ദ്യം എന്നായിരുന്നു അവരുടെ ചിന്ത. പാശ്ചാത്യമെന്നത് ആധുനികതയുടെ പര്യായമായി അവർ കണക്കാക്കി. രൂപത്തിലും ഭാവത്തിലും, നിറത്തിലൊഴിച്ച്, അവർ വെള്ളക്കാരായിരുന്നു. അതിന് നേരെ എതിരായിരുന്നു, മറ്റുചിലരുടെ പ്രതികരണം. പാശ്ചാത്യമായവ എല്ലാം മ്ലേച്ഛം, ഭാരതീയമായത് ദിവ്യം എന്നായിരുന്നു അവരുടെ നില. വേദത്തിലേക്ക് മടങ്ങാൻ അവർ ആഹ്വാനം ചെയ്തു. ഭാരതം പുണ്യഭൂമിയാണെന്നും ഇതിന്റെ സൈകതസാനുക്കളിലാണ് സംസ്കാരം ഇതൾവിരിഞ്ഞതെന്നും അവർ ശഠിച്ചു. ഇംഗ്ലീഷുകാരന്റെ വേഷം മാത്രമല്ല ഭാഷയും ചിന്തയുമവർ തിരസ്കരിച്ചു. കടൽ കടക്കുന്നത്പോലും പ്രായശ്ചിത്തം ചെയ്യേ മ്ലേച്ഛകർമ്മയായി.

ഈ വിരുദ്ധദ്വന്ദ്വങ്ങൾക്കിടയിലാണ് നവോത്ഥാനചിന്തകൾ മൊട്ടിട്ടത്. പാശ്ചാത്യസംസ്കൃതിയോട് ആദ്യമായി ഇടപെട്ട ചിലർക്ക് അതിൽ ഗ്രാഹ്യമായ ഒട്ടേറെ അംശങ്ങളുന്നെ് തോന്നി. അതുപോലെ തന്നെ ഭാരതീയസമൂഹം പിന്തുടരുന്ന പലതും, നവജ്ഞാനോദയത്തിന്റെ വെളിച്ചത്തിൽ, ത്യാജ്യങ്ങളാണെന്നും അവർ ഗ്രഹിച്ചു. പഴമയുടെയും പുതുമയുടേയും നന്മകൾ ചേർത്തുാക്കുന്ന നവ്യസംസ്കൃതിയാണ് നാളെയുടെ പ്രതീക്ഷയെന്ന് അവർ മനസ്സിലാക്കി. പഴമയെ ആദരിക്കുകയും പുതുമയെ പൂണരുകയും രും ഒപ്പം ചെയ്യാൻ കഴിയുമെന്ന് അവർ സിദ്ധാന്തിച്ചു. പത്തൊമ്പതാം നൂറ്റാിന്റെ അവസാനത്തിലും ഇരുപതിന്റെ ആദ്യപകുതിയിലും ഭാരതീയസമൂഹത്തിലുരുത്തിരിഞ്ഞ ദ്വന്ദ്വാത്മകവൈരുദ്ധ്യത്തിന് പരിഹാരം കത്തെി, സംഘർഷത്തിനയവുവരുത്തിയത് ഈ സമന്വയവാദികളാണ്. നവോത്ഥാനത്തിന് വഴിയൊരുക്കാനും പുതിയൊരു സംസ്കൃതിക്ക് രൂപം നല്കാനും ഇവർക്കു കഴിഞ്ഞു. ഇത് പഴമയുടെ തേച്ച്മിനുക്കിയ ആവർത്തനമായിരുന്നില്ല, നിരാസവുമല്ലായിരുന്നു; പ്രത്യുത പഴമയെ ഉടച്ച് പുതുമയുടെ മൂശയിൽ വാർത്ത ഒരു നവസൃഷ്ടി ആയിരുന്നു. അതുകൊാണ് കേരളീയനവോത്ഥാനം പുനരുത്ഥാനവാദികളുടെ പിടിയിൽനിന്ന് രക്ഷപ്പെട്ട് സമൂഹത്തിന് ഉത്തേജകമായ ദിവ്യൗഷധി ആയി മാറിയത്. ഒരു പക്ഷേ ഇത്തരമൊരു സംഗ്രഥനപ്രക്രിയ നടന്നില്ലായിരുന്നെങ്കിൽ നവോത്ഥാനനായകരിൽ പലരും കടുത്ത പുനരുത്ഥാനവാദികളായി മാറുമായിരുന്നു.

## പി.എസ്. വാരിയർ

ഈ സാംസ്കാരികഭൂമികയിൽ നിന്നുവേണം വൈദ്യരത്നം പി.എസ്. വാരിയരുടെ സംഭാവനകളെ ഇന്നത്തെ സമൂഹം വിലയിരുത്തേ ത്. പരമ്പരയായി രുതരം ദാസ്യത്തിന് അദ്ദേഹം വിധേയനായിരുന്നു. ഒന്ന്, സാമൂതിരിപ്പാടിന്റെ അധികാരത്തിന്റെ മുൻപിലുള്ള ആത്മദാസ്യം; മറ്റൊന്ന് കഴകപ്രവൃത്തി നല്കിയ ദേഹദാസ്യം. ഇവ രിനെയും അതിജീവിച്ച് പുതിയൊരു സ്വത്വം രൂപീകരിക്കാൻ കഴിഞ്ഞു എന്നതാണ് അദ്ദേഹത്തിന്റെ മഹത്വം. വൈദ്യവൃത്തി പൂർവികരിൽ നിന്നദ്ദേഹത്തിന് കിട്ടിയ വിദ്യാധനമായിരുന്നു. കുട്ടഞ്ചേരി മൂസ്സിന്റെ കീഴിൽ കർശനമായ ഗുരുകുലശിക്ഷണത്തിലൂടെ ആയൂർവേദത്തിന്റെ അഗാധതകളിൽ മുങ്ങി മുത്തുകളെടുക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. എന്നാൽ മൂസ്സിന്റെ മറ്റുള്ള ശിഷ്യന്മാരിൽ നിന്ന് വിഭിന്നനായിട്ടാണ് അദ്ദേഹം വളർന്നത്. അതിന് കാരണം മഞ്ചേരി ആശുപത്രിയിൽ പ്രഗല്ഭനായൊരു സർജ്ജന്റെ കീഴിൽ മൂന്നുകൊല്ലം അലോപ്പതി പഠിക്കാൻ അവസരം ലഭിച്ചതാണ്. ഈ അഭ്യസനം പുതിയൊരു ലോകത്തേക്ക് അദ്ദേഹത്തെ നയിച്ചു. സമകാലികരായ ആയൂർവേദ വൈദ്യന്മാർ ഇംഗ്ലീഷ് വൈദ്യത്തെ പുച്ഛിക്കുകയും അതിന്റെ ദോഷങ്ങളെ പരിഹസിച്ച് പർവതീകരിക്കുകയും ചെയ്ത് ആയൂർവേദത്തിന്റെ ഗരിമയിലും സ്വന്തം അഹന്തയിലുമുള്ള വീരഗാഥകൾ മുഴക്കിക്കൊിരുന്നപ്പോൾ ഇംഗ്ലീഷ് വൈദ്യത്തിന്റെ ഗുണവശങ്ങൾ പി.എസ്. വാരിയരെ ഇരുത്തിച്ചിന്തിപ്പിച്ചു. റെഡിമെയ്ഡ് ആയി മരുന്നുകൾ കിട്ടുന്നു. രോഗിക്ക് പച്ചമരുന്നുകൾ അന്വേഷിച്ച് ക്ലേശിക്കേ തില്ല. ഈ സമ്പ്രദായം ആയൂർവേദത്തിൽ നടപ്പാക്കിയാലെന്തെന്ന് വാരിയർ ആലോചിച്ചു. വറുഗീസ് വൈദ്യന്റെ ഫാർമസിയിൽ നിന്ന് കഷായം കേടുവരാതെ സൂക്ഷിക്കാനുള്ള സാങ്കേതികവിദ്യ അദ്ദേഹം ഉൾക്കൊിരുന്നു.

ഏറെക്കാലം കേടില്ലാതെ സൂക്ഷിക്കാൻ കഴിഞ്ഞാൽ ആയുർവേദമരുന്നും ഇംഗ്ലീഷ്മരുന്നുപോലെ രോഗിക്ക് അനായാസമായി ലഭ്യമാകും. അങ്ങനെയാണ് 1902-ൽ ആര്യവൈദ്യശാല ആരംഭിക്കുന്നത്. ചികിത്സക്ക് തന്റെ അടുത്ത് വരുന്ന രോഗികൾക്കാണ് കുപ്പിയിലടച്ച കഷായം ആദ്യം കൊടുത്തുവന്നത്. പിന്നീട് ഓർഡറനുസരിച്ച് വൈദ്യന്മാർക്ക് കൊടുക്കാൻ തുടങ്ങി. ആവശ്യം വർദ്ധിച്ചപ്പോൾ ബ്രാഞ്ചുകളിലൂടെയും ഏജൻസികളിലൂടെയും വിൽക്കാൻ തുടങ്ങി. കഷായത്തിൽ തുടങ്ങിയത് കുഴമ്പുകളിലേയ്ക്കും ചൂർണ്ണങ്ങളിലേയ്ക്കും വ്യാപിച്ചു. ആയൂർവേദമരുന്നുകളുടെ ഉല്പാദനം വ്യാവസായികാടിസ്ഥാനത്തിൽ വൻതോതിൽ തുടങ്ങിവെച്ചത് പി.എസ്.വാരിയരാണ്. ആഗോളതലത്തിൽ ആയൂർവേദത്തിന് പിൽക്കാലത്തു ലഭിച്ച അംഗീകാരത്തിന്റെ മുഖ്യകാരണം പി.എസ്. വാരിയരുടെ ബുദ്ധിയിലുദിച്ച ശാസ്ത്രീയമായ ഔഷധനിർമ്മാണ സംസ്കരണപ്രവർത്തനങ്ങളാണ്.

ധൈഷണികതലത്തിലും പ്രാച്യവിജ്ഞാനത്തെ നവീനചിന്തയോട് ബന്ധപ്പെടുത്തുകയാണ് പി.എസ്. വാരിയർ ചെയ്തത്. ആയുർവേദം പഠിപ്പിക്കാൻ പാഠശാല തുടങ്ങിയപ്പോൾ ആയുർവേദത്തിന് പാഠ്യക്രമം ഉാക്കിയതദ്ദേഹമാണ്. കുട്ടഞ്ചേരിയിൽ നിന്ന് കിട്ടിയത് ആവർത്തിക്കുകയല്ല അദ്ദേഹം ചെയ്തത്. പാശ്ചാത്യവൈദ്യശാസ്ത്രത്തിലുള്ള പലതും കൂട്ടിചേർത്ത് ആയൂർവേദവിജ്ഞാനത്തെ അദ്ദേഹം സമ്പുഷ്ടമാക്കി. ത്രിദോഷങ്ങളിലൂന്നിയ ആയുർവേദത്തിന്റെ പരികല്പന ശരീരശാസ്ത്രത്തിൽ വിമുഖമായിരുന്നു. അലോപ്പതിയിലാകട്ടെ അനാട്ടമി മുഖ്യവിഷയവുമായിരുന്നു. അതുകൊ് ആയൂർവേദത്തിന് പാഠ്യപദ്ധതി ഉാക്കിയപ്പോൾ പഴയതിനെ അദ്ദേഹം നവീകരിച്ചു. ഇതിനാവശ്യമായ വിജ്ഞാനം ആയുർവേദഗ്രന്ഥങ്ങളിൽ ഇല്ലാത്തതുകൊ് പുതിയ പുസ്തകങ്ങൾ എഴുതി. ഇന്നത്തെ പരിഷ്കരിച്ച ആയുർവേദപാഠ്യക്രമത്തിന് ഇത്തരത്തിലൊരു ദിശാബോധം നല്കിയത് പി.എസ്. വാരിയരാണ്. വിജ്ഞാനലബ്ധിക്ക് ക്ലാസിക്കൽ ഗ്രന്ഥങ്ങൾ ഉരുവിട്ടാൽ മാത്രം പോരാ, കാലാനുസൃതമായ പരിഷ്കരണവും വേണമെന്ന പരിപ്രേക്ഷ്യം വാരിയരുടെ സംഭാവനയാണ്. കോട്ടയ്ക്കൽ തുടങ്ങിയ ഈ ബോധോദയം കേരളം മാത്രമല്ല, ഇന്ത്യമുഴുവനുമുള്ള ആയുർവേദവിദ്യാലയങ്ങളിൽ ഇന്ന് വ്യാപിച്ചിരിക്കുന്നു.

## ചിട്ടപ്പെടുത്തൽ

നവോത്ഥാനം, ഒരർത്ഥത്തിൽ, ഒരു ചിട്ടപ്പെടുത്തലായിരുന്നു. ശിഥിലമായ സമൂഹത്തെ സംസ്കരിച്ച് പുതിയൊരു ചരടിൽ അത് കോർത്തിണക്കി. സമൂഹത്തിന്റെ സമസ്തമേഖലകളിലും ഇത് പ്രകടമായിരുന്നു. സംബന്ധമെന്ന അസംബന്ധം സ്ത്രീപുരുഷബന്ധങ്ങളിലുാക്കിയ കോമാളിത്തത്തെ ആണ് ഇന്ദുലേഖ ചോദ്യം ചെയ്തത്. വി.ടി.യും ചെയ്തതിതുതന്നെയാണ്. സംബന്ധത്തിന് നിർബന്ധിക്കപ്പെടുന്നവരുടെ ഗതികേടായിരുന്നു ഇന്ദുലേഖയിലെ പ്രശ്നം; അതുമൂലം തിരസ്കൃതരാകുന്നവരുടെ ജീവിതങ്ങളായിരുന്നു യോഗക്ഷേമസഭയുടെ പ്രശ്നം. അഫ്ഫന്മാരും സപത്നികളും മാത്രമല്ല സമുദായാംഗങ്ങൾ മുഴുവൻ അതിന്റെ ഇരകളായിരുന്നു. കുടുംബം, ഏകപത്നീവ്രതം എന്നിങ്ങനെയുള്ള ഉദാത്ത ദർശനങ്ങളിലധിഷ്ഠിതമായ പുതിയൊരു സാമൂഹ്യക്രമം ചിട്ടപ്പെടുത്തുകയാണ്, നമ്പൂതിരിസമുദായത്തിലെന്നപോലെ എല്ലാ സമുദായത്തിലും നവോത്ഥാനം ചെയ്തത്.

ഇതേറ്റവും പ്രകടമായത് കലയുടെ രംഗത്താണ്. പല കളിയോഗങ്ങളിലും കളിനാഥന്മാരുടെ ഇഷ്ടാനിഷ്ടത്തിനൊത്ത് ചിതറിക്കിടന്നിരുന്ന കഥകളിയെ കർശനമായ കല്ലുവഴിച്ചിട്ടയിൽ പട്ടിക്കാംതൊടി ചിട്ടപ്പെടുത്തിയത് നവോത്ഥാനത്തിന്റെ അനിവാര്യമായ പ്രക്രിയയായിരുന്നു. കലാമണ്ഡലത്തിന്റെ ഉദയം നവോത്ഥാനത്തിന്റെ ഭാഗമാകുന്നതെങ്ങനെയാണ്. ഗാന്ധിജി സ്വാതന്ത്ര്യസമരത്തിനെന്നപോലെ പട്ടിക്കാംതൊടി കഥകളിനവോത്ഥാനത്തിന് അനിവാര്യനായിരുന്നു.

കഥകളിയിൽ മാത്രമല്ല എല്ലാകലകളിലും ഇരുപതാം നൂറ്റാിന്റെ ആദ്യപാദത്തിൽ ഈ പ്രക്രിയ ആരംഭിച്ചിരുന്നു. 1909-ൽ പി.എസ്. വാരിയർ നാടകസംഘമുാക്കിയത് സംഗീതനാടകരംഗത്ത് ഒരു ചിട്ടയുാക്കി. തമിഴ്നാടകഭ്രമത്തിൽ നിന്ന് മലയാളിയെ മോചിപ്പിക്കാൻ മലബാറിലെങ്കിലും ഇത് കാരണമായി.

മൂന്നുദശകം അരങ്ങടക്കിവാണ പരമശിവവിലാസം നാടകക്കമ്പനി കേരളീയരംഗവേദിയിലുാക്കിയ സ്വാധീനം വളരെ വലുതാണ്. മലയാളിത്തമുള്ളൊരു നാടകക്കമ്പത്തിന് ഇത് തിരികൊളുത്തി. ഈ നാടകക്കമ്പനികൾ ഉഴുതുമറിച്ച് വളമിറക്കിയ മണ്ണിലാണ് പിന്നീട് നവോത്ഥാനനാടകങ്ങളും അരുണോദയകഥകളും നൂറ്മേനി വിളഞ്ഞത്.

പി.എസ്. വാരിയരുടെ നാടകപ്രവർത്തനങ്ങൾ കഥകളിയിലാണവസാനിച്ചത്; അതും കല്ലുവഴിച്ചിട്ടയിൽ. ഇതും യാദൃച്ഛികമല്ല. കഥകളിരംഗത്തെ ഏറ്റവും വലിയ സ്വകാര്യസംരഭമായ പി.എസ്.വി. നാട്യസംഘത്തെ ആശിർവദിക്കാനും ആദ്യത്തെ രംഗാവതരണത്തെ അഭിനന്ദിക്കാനും വള്ളത്തോളും മുകുന്ദരാജാവും സന്നിഹിതനായിരുന്നു എന്നത് ഈ പ്രവർത്തനങ്ങളുടെ അനുസ്യൂതിയെ സൂചിപ്പിക്കുന്നു. കലാമണ്ഡലം സ്ഥാപിച്ച് ഒമ്പത് വർഷം കഴിഞ്ഞപ്പോഴെയ്ക്കും കണ്ണിവിളക്കിച്ചേർത്ത് പി.എസ്.വി. നാട്യസംഘം കോട്ടയ്ക്കൽ പിറവിയെടുത്തു.

## നവമൂല്യബോധം

നവോത്ഥാനം സമൂഹത്തിന് പുതിയൊരു മൂല്യബോധം പ്രദാനം ചെയ്തു. മനുഷ്യൻ എന്ന ഉദാത്ത സങ്കല്പമായിരുന്നു നവോത്ഥാനപ്രവർത്തനങ്ങളുടെ ആണിക്കല്ല്. ജാതി, മതം, ദേശം തുടങ്ങിയ അനേകം വിഭാഗീയ പ്രവണതകൾ പലതട്ടിലാക്കി ചിതറിച്ചിരുന്ന ജീവിതത്തിന്റെ താളുകളെ മാനവികയെന്ന ഒറ്റ നൂലിൽ കോർത്താണ് നവോത്ഥാനം സംസ്കൃതിയെ വ്യാഖ്യാനിച്ചത്. മതമുാകുക എന്നതല്ല, മനുഷ്യനാവുകയെന്നതാണ് മുഖ്യം എന്നാണ് ശ്രീനാരായണഗുരു പ്രഖ്യാപിച്ചത്. മൃഗങ്ങളേപ്പോലെ മാറ്റിനിർത്തപ്പെട്ട തീൽജാതിക്കാർ ഞങ്ങളും മനുഷ്യരാണെന്ന് പ്രഖ്യാപിച്ചാണ് മുന്നോട്ട് വന്നത്. അയിത്തം വെടിഞ്ഞ് ഉയർന്ന ജാതിക്കാർ അവരെ സ്വാഗതം ചെയ്തു. കേരളീയസമൂഹത്തെ അടിമുടി മാറ്റിമറിച്ച സംഭവങ്ങളായിരുന്നു ഇവ. മാനുഷികതയെ കേന്ദ്രബിന്ദുവാക്കി കേരളീയസമൂഹം പുതിയൊരു വൃത്തം വരയ്ക്കുകയായിരുന്നു.

ജാതിയും മതവും എന്നുവേ, എല്ലാം ഈ വൃത്തത്തിന് പുറത്തായി. ഇങ്ങനെയാണൊരു പൊതുസമൂഹം കേരളത്തിൽ ഉരുത്തിരിഞ്ഞത്. പി.എസ്.വാരിയരുടെ നവോത്ഥാനവ്യക്തിത്വം ഏറ്റവും പ്രകടമായത് മലബാർ കലാപകാലത്താണ്. വേദനയോടും നടുക്കത്തോടും കൂടി മാത്രമേ ഇന്നും ആ ദിനങ്ങൾ ആർക്കും ഓർമ്മിക്കാനാവൂ. മുസ്ലീംജനതയുടെ ബ്രിട്ടീഷുകാർക്കെതിരായ വികാരത്തെ സ്വാതന്ത്ര്യസമരത്തിന്നനുകൂലമാക്കാൻ വേിയാണ് ഖിലാഫത്ത് സമരം ഇന്ത്യൻ നാഷനൽ കോൺഗ്രസ്സ് 1920-ൽ നാഗ്പൂർ പ്രമേയത്തിലൂടെ ഏറ്റെടുത്തത്. ഹിന്ദു-മുസ്ലീം മൈത്രിയുടെ ഉജ്ജ്വല പ്രതീകമായി അതുമാറുകയും സ്വാതന്ത്ര്യസമരം ശക്തിപ്പെടുകയും ചെയ്തപ്പോൾ പതിവുപോലെ ഹിന്ദുക്കളെയും മുസ്ലീങ്ങളെയും ഭിന്നിപ്പിക്കുന്നതിന് സാമ്രാജ്യത്വശക്തികൾ തന്ത്രങ്ങൾ മെനഞ്ഞു. അത് വിജയിച്ചതിന്റെ ഫലമാണ് വാഗൺ ട്രാജഡി ഉൾപ്പെടെ മലബാർ കലാപത്തിലുായ അനിഷ്ടസംഭവങ്ങൾ. ഇതിലേറ്റവും കഷ്ടപ്പാടനുഭവിച്ചത് മുസ്ലീംസമൂഹമായിരുന്നു. പുരുഷന്മാരെ മുഴുവൻ വെള്ളപ്പട്ടാളം വേട്ടയാടി, കൈയിൽ കിട്ടിയവരെ കൊന്നൊടുക്കി, തുറുങ്കിലടച്ചു, നാടുകടത്തി. ഈ ലഹള ഹിന്ദുക്കൾക്കെതിരെ ആയിരുന്നില്ല. ജന്മിമാരോടുള്ള പക ഉള്ളിൽ വെച്ച് പലരും ആക്രമണം അവർക്കെതിരെ അഴിച്ചുവിട്ടു. എന്നാൽ വാരിയംകുന്നത് കുഞ്ഞഹമ്മദ് ഹാജിയും മറ്റും ഹിന്ദുക്കളെ ദ്രോഹിച്ച അനുയായികളെ അതിൽ നിന്ന് വിലക്കുകയും കടുത്ത ശിക്ഷനല്കുകയുമാണ് ചെയ്തത്.

ഈ സന്ദർഭത്തിന്റെ ഭീകരത പി.എസ്. വാരിയർ ശരിക്കും ഉൾക്കൊു. പട്ടാളക്കാർ തേടിനടന്ന പലരേയും സ്വന്തം അറയിലൊളിപ്പിച്ച് അദ്ദേഹം രക്ഷിച്ചു. അവർ തെറ്റുകാരല്ലെന്ന് പൂർണ്ണബോദ്ധ്യം അദ്ദേഹത്തിനുായിരുന്നു. നിരാധാരരായ സ്ത്രീകളും കുഞ്ഞുങ്ങളും കടുത്ത പട്ടിണിയിലായി. അവർക്കദ്ദേഹം ഭക്ഷണം നല്കി. പുനരുദ്ധാരണപദ്ധതികളിൽ അവരെയും ഉൾപ്പെടുത്തണമെന്നദ്ദേഹം നിർദ്ദേശിച്ചു.

മാനവികതയുടെ ഉദാത്തമാതൃകയായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനം. ഈ പ്രവർത്തനങ്ങളിൽ മറ്റുഹിന്ദുകൾ അസഹിഷ്ണുതപൂു. പി.എസ്. വാരിയർ രാജ്യദ്രോഹപ്രവർത്തനങ്ങൾ നടത്തുന്നുവെന്ന് ബ്രിട്ടീഷ് മേധാവികൾക്ക് അവർ പരാതി നല്കി. അതുകൊാന്നും പി.എസ്. വാരിയർ പിന്മാറിയില്ല. ഒന്നാന്തരമൊരു ഹിന്ദുവർഗ്ഗീയവാദിയാകാനും മുസ്ലീം വിരുദ്ധപ്രവർത്തനങ്ങൾക്ക് നായകത്വം നല്കാനുമുള്ള സാഹചര്യങ്ങളായിരുന്നു ചുറ്റുമുായിരുന്നത്. എന്നാൽ സാമ്രാജ്യത്വമൊരുക്കിയ ഈ കെണിയിൽ പെടാതെ വിഭാഗീയതക്കതീതനായി ചിന്തിക്കാനും പ്രവർത്തിക്കാനും അദ്ദേഹത്തിന് കഴിഞ്ഞു. ആ അനുഭവപാഠമാണ് തന്റെ ഗൃഹത്തിന്റെ കവാടത്തിൽ മതമൈത്രിയുടെ ചിഹ്നങ്ങൾ ആലേഖനം ചെയ്യാൻ അദ്ദേഹത്തിന് പ്രചോദനം നല്കിയത്; വിശ്വംഭരക്ഷേത്രം എല്ലാവർക്കും തുറന്നുകൊടുക്കുവാനുള്ള ഹൃദയവിശാലത അദ്ദേഹത്തിലുാക്കിയത്.

ഭാവിതലമുറ പി.എസ്. വാരിയരെ ഓർമ്മിക്കുന്നത് അദ്ദേഹത്തിന്റെ വിശ്രുതമായ മരണപത്രത്തിന്റെ പേരിലാകും. ജിവിതത്തിൽ ആർജിച്ചതെല്ലാം സമൂഹത്തിന് സമർപ്പിക്കുന്ന ആ ഒസ്യത്തിന് ഒപ്പം വെയ്ക്കാവുന്നത് നമ്മുടെ കാലഘട്ടത്തിൽ മഹാനായ ഇ.എം.എസ്സിന്റെ മരണപത്രം മാത്രമാണ്. 'ഇദം ന മമ' എന്ന ഉയർന്ന ചിന്തയുടെ പ്രഖ്യാപനങ്ങളാണ് ഇവരും.

## പി.കെ. വാരിയർ

സ്ഥാപകന്റെ ലക്ഷ്യങ്ങളുൾക്കൊള്ളുന്ന പിൻമുറക്കാർ ഇല്ലാത്തതുകൊ് സ്വയം നശിക്കേിവരുന്ന ദുർവിധി പല സ്ഥാപനങ്ങൾക്കും നമ്മുടെ കൺമുൻപിൽ തന്നെ ഉായിട്ടു്. പി.എസ്. വാരിയരുടെ സുകൃതം കൊായിരിക്കാം, ആര്യവൈദ്യശാല ഇക്കാര്യത്തിൽ സൗഭാഗ്യവതിയാണ്. പി.എസ്. വാരിയരുടെ ചരമശേഷം ട്രസ്റ്റിന്റെ നായകസ്ഥാനം ഏറ്റത് ശ്രീ. മാധവ വാരിയരായിരുന്നു. ചുരുങ്ങിയ കാലംകൊ് ഒട്ടേറെ കാര്യങ്ങൾ ചെയ്യാൻ അദ്ദേഹത്തിന് കഴിഞ്ഞു. അദ്ദേഹത്തിന് ശേഷം കഴിഞ്ഞ ആറു ദശകങ്ങളായി ആര്യവൈദ്യശാലയുടെ ഭാഗധേയം നിർണ്ണയിക്കുന്നത് ശ്രീ.പി.കെ. വാരിയരാണ്. സ്വകാര്യജീവിതത്തിലും പൊതുപ്രവർത്തനങ്ങളിലും ഋഷിതുല്യമായ വിശുദ്ധി പുലർത്തുന്ന അദ്ദേഹം പൊതുസമൂഹത്തിന് കൺമുമ്പിലുള്ള ഉത്കൃഷ്ടമാതൃകകളിലൊന്നാണ്. വിശ്വപൗരൻ എന്ന വിശേഷണം എല്ലാ അർത്ഥത്തിലും ശ്രീ. പി.കെ. വാരിയർക്ക് യോജിക്കും.

ഗാന്ധിജിയുടെ ട്രസ്റ്റീഷിപ്പ് സിദ്ധാന്തത്തിന്റെ ഒന്നാന്തരം മാതൃകയാണ് ആര്യവൈദ്യശാലയെന്ന് ആദരണീയനായ കേളപ്പജി അഭിപ്രായപ്പെട്ടത് അക്ഷരം പ്രതി ശരിവെച്ചുകൊ്. ഇക്കാണായതൊന്നും തന്റെയല്ലെന്നും താനിതിന്റെ സൂക്ഷിപ്പുകാരൻ മാത്രമാണെന്നുള്ള ചിന്തയാണ് ശ്രീ. പി.കെ. വാരിയരെ നയിക്കുന്നത്. അതാണദ്ദേഹത്തിന്റെ വിജയത്തിന്റെ രഹസ്യവും.

ഒരിക്കൽ, ഒരു വൈകുന്നേരം ശ്രീ.പി.എൻ. പണിക്കർ കൈലാസമന്ദിരത്തിൽ വന്നു. ഗ്രന്ഥശാലാപ്രവർത്തകരുടെ പ്രചരണജാഥ മലപ്പുറം ജില്ലയിൽ സഞ്ചരിക്കുന്നുായിരുന്നു. അതുമായി ബന്ധപ്പെട്ടാണ് അദ്ദേഹം വന്നത്. ശ്രീ.പി.കെ. വാരിയർ അപ്പോൾ അവിടെയില്ലായിരുന്നു. 'രാത്രി എട്ടുമണി ആകുമ്പോഴേയ്ക്ക് ഞങ്ങൾ വരും. ഇരുപത് പേർക്ക് ഭക്ഷണം വേണം, രാത്രി കഴിക്കാനൊരിടവും. അതുപറയാനാണ് വന്നത്'. ഇത്ര അവകാശത്തോടെ പറയുന്നതാരാണെന്നറിയാതെ ചുറ്റുമുള്ളവർ പരിഭ്രമിച്ച് നില്ക്കുമ്പോഴേയ്ക്കും ശ്രീ.പി.കെ. വാരിയർ അവിടെ എത്തി. പണിക്കർ അദ്ദേഹവുമായി സംസാരിച്ചു. അവരന്ന് കഴിഞ്ഞത് അവിടെയാണെന്ന് പറയേ തില്ലല്ലോ.

കേരളത്തിലെ ഏതു സാംസ്കാരികപ്രവർത്തകനും ആത്മവിശ്വാസത്തോടെ, സ്വന്തം തറവാട്ടിലേക്കെന്നപോലെ, കയറിച്ചെല്ലാവുന്ന ഒറ്റ സ്ഥാപനമേ കേരളത്തിലുള്ളൂ. അത് കോട്ടയ്ക്കൽ ആര്യവൈദ്യശാലയാണ്; പുറംവാതിലിന് അകത്തുനിന്ന് സാക്ഷയിടാത്ത ഏകസ്ഥാപനം. നവോത്ഥാനനാളങ്ങൾ ഇന്നും കെടാതെ സൂക്ഷിക്കുന്നു എന്നതാണ് ആര്യവൈദ്യശാലയുടെ മഹത്വം; മലയാളിയുടെ സുകൃതവുമതുതന്നെ.

................................................

**ഡോ. കെ. ജി. പൗലോസ്**
*വൈസ് ചാൻസലർ*
**കേരള കലാമണ്ഡലം കല്പിത സർവകലാശാല**
വള്ളത്തോൾ നഗർ, ചെറുതുരുത്തി പി.ഒ., തൃശ്ശൂർ ജില്ല, പിൻ: 679 531
ഫോൺ: 04884-263440 (ഓഫീസ്), 04884-264477 (വീട്), മൊ: 9846041205
E-mail: info@kalamandalam.org., kgpaulose@gmail.com
Website: www.kalamandalam.org.

തിയതി: 30/06/2008